

**ലിറ്റിൽ കൈറ്റ്സ് 2018-19**

**ജി എച്ച് എസ് എസ് ചെർക്കള സെൻട്രൽ**

# ഇ – സ്ലേറ്റ്

## ഡിജിറ്റൽ മാഗസിൻ




## ഞങ്ങൾക്ക് പറയാനുള്ളത്.........

സാങ്കേതിക വിദ്യയുടെ കുതിച്ചുചാട്ടം ലോകത്തെയാകെ മാറ്റി മറിച്ചിരിക്കുകയാണ്. നമ്മുടെ ദൈനംദിന ജീവിതത്തിന്റെ മറ്റെല്ലാ മേഖലകളെയും പോലെ വിദ്യാഭ്യാസ മേഖലയിലും വിവര സാങ്കേതിക വിദ്യ അദ്ഭുതപൂർവ്വമായ മാറ്റങ്ങൾ വരുത്തിയിരിക്കുകയും അതിലൂടെ ഒരു ഡിജിറ്റൽ വിദ്യാഭ്യാസ യുഗത്തിന് തുടക്കം കുറിച്ചിരിക്കുകയുമാണ്. ഈ മേഖലയിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമായി ബന്ധപ്പെട്ടതും ഹൈടെക് പദ്ധതിയുമായ 'ലിറ്റിൽ കൈറ്റ്സ്' എന്ന സംവിധാനം കേരളത്തിലെ വിദ്യാലയങ്ങളിൽ രൂപീകരിക്കപ്പെട്ടത്.

ചെർക്കള ഗവ. ഹയർ സെക്കണ്ടറി സ്കൂൾ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ഈ വർഷത്തെ ചെറിയ പ്രവർത്തനമാണ് ഡിജിറ്റൽ മാഗസിന്റെ രൂപത്തിൽ നിങ്ങൾക്ക് മുന്നിൽ സമർപ്പിക്കുന്നത്.




## സന്ദേശം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ചെർക്കള ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ രൂപീകരിച്ചിട്ടുള്ള ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ കീഴിൽ **'ഇ-സ്ലേറ്റ് '** എന്ന പേരിൽ ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്ന എന്നറിയുന്നതിൽ അതിയായ സന്തോഷമുണ്ട്.എല്ലാ ക്ലാസ് മുറികളിലും ഹൈടെക് സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ള നമ്മുടെ സ്കൂളിന്റെ ഈ ഡിജിറ്റൽ മുന്നേറ്റത്തിന് എല്ലാ വിധ ഭാവുകങ്ങളും നേരുന്നു. സാങ്കേതിക വിദ്യയോടുള്ള പുതു തലമുറയുടെ താത്പര്യം സമൂഹ നന്മയ്ക്ക് പ്രയോജനപ്പെടട്ടെ എന്നാശംസിക്കുന്നു.

വിശ്വസ്തതയോടെ,

എം കെ ചന്ദ്രശേഖരൻ നായർ

ഹെഡ് മാസ്റ്റർ,

ജി എച്ച് എസ് എസ് ചെർക്കള സെൻട്രൽ






## സന്ദേശം

ചെർക്കള ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ രൂപീകരിച്ചിട്ടുള്ള ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്ന വാർത്ത ഏറെ സന്തോഷിപ്പിക്കുന്നു. സംസ്ഥാന തലത്തിൽ മികച്ച നാലാമത്തെ പി ടി എ യ്ക്കുള്ള അവാർഡ് കരസ്ഥമാക്കിയ ഈ അദ്ധ്യയന വർഷത്തിൽ തന്നെ ഇത്തരമൊരു തുടക്കം സാദ്ധ്യമാക്കിയ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും ചുക്കാൻ പിടിച്ച അദ്ധ്യാപകർക്കും അഭിനന്ദനങ്ങൾ അറിയിക്കുന്നതോടൊപ്പം, ഡിജിറ്റൽ രംഗത്ത് ഇതു പോലുള്ള പുത്തൻ ചുവടുവെപ്പുകൾക്ക് പി ടി എ യുടെ സഹായ സഹകരണങ്ങൾ എന്നും ഉണ്ടാകുമെന്ന് ഉറപ്പു നൽകുകയും ചെയ്യുന്നു.'ഇമോജി 2019' ന് എല്ലാ വിധ ആശംസകളും.

വിശ്വസ്തതയോടെ,

ബേവി മുഹമ്മദ് കുഞ്ഞി
പി ടി എ പ്രസിഡണ്ട്




# പത്രാധിപ സമിതി

ചീഫ് എഡിറ്റർ : എം കെ ചന്ദ്രശേഖരൻ നായർ, ഹെഡ് മാസ്റ്റർ

സ്റ്റാഫ് എഡിറ്റർ : സമീർ തെക്കിൽ

സ്റ്റുഡന്റ് എഡിറ്റർ : മറിയം നസൈബ കെ ഐ

എഡിറ്റോറിയൽ ബോർഡ്:

മറിയം ആസില

ആസ്യമ്മത്ത് ഷനാസ്

മഹ്ജബി ബി

പൂജ കെ

ഫാത്തിമത്ത് അഷ്റീന

ഉപദേശക സമിതി:

ബേവി മുഹമ്മദ് കുഞ്ഞി, പി ടി എ പ്രസിഡണ്ട്

നൗഷാദ് ബി എച്ച്, കൈറ്റ് മാസ്റ്റർ

അനിത പി, കൈറ്റ് മിസ്ട്രസ്

## ഇ-സ്ലേറ്റ് ..............................




### ഉള്ളടക്കം


പരിസ്ഥിതി പ്രശ്നങ്ങളും വികസന സങ്കൽപ്പങ്ങളും.........6
കുഞ്ഞിക്കോഴിയുടെ കുസൃതി.........8
കറുപ്പ്.........9
പ്രകൃതി-മനുഷ്യരാശിയുടെ നിലനിൽപ്പ്.........13
കഥ : ഉൾത്തുടിപ്പ്.........16
തിരിച്ചറിടാതെ പോകുന്ന,.........16
ഒരു പ്രളയചിന്ത.........18
ഇരുട്ടിലെ വഴികാട്ടി.........19
നീതി ലഭിക്കാത്ത മാലാഖ.........20
പ്രളയം കൊണ്ടുപോയ കുടുംബത്തിന്റെ കഥ .........22
നീയും ഞാനും.........25
മരം ഒരു ഭാരം.........26

ഇ-സ്ലേറ്റ് .............................

## പരിസ്ഥിതി പ്രശ്നങ്ങളും വികസന സങ്കൽപങ്ങളും




പരിസ്ഥിതിയെ ഇക്കാലത്ത് ആരും ഓർക്കുക പോലും ചെയ്യുന്നില്ല . മണ്ണിനോടും പരിസ്ഥിതിയോടും സ്നേഹമില്ലാതെ ജീവിക്കുന്ന തലമുറയാണ് ഇന്ന് നിലനിൽക്കുന്നത് .അതിന് ഏറ്റവും വലിയ ഉദാഹരണമാണ് ഇപ്പോൾ കേരളത്തിൽ നടന്ന പ്രളയം. 13 ജില്ലകളെയും അവിടെ താമസിക്കുന്ന ജനങ്ങളുടെ ജിവിതത്തെയും താറുമാറാക്കിക്കൊണ്ടാണ് പ്രളയം വന്നുപോയത്. ഈ പ്രളയത്തിന്റെ ഏറ്റവും വലിയ കാരണം മനുഷ്യന്റെ പരിസ്ഥിതിയോടുള്ള ഇടപെടലുകളാണ്.

വികസന പ്രവർത്തനങ്ങൾ നടത്തുമ്പോൾ അത് മണ്ണിനും പ്രകൃതിക്കും എതെങ്കിലും രീതിയിൽ തടസമാവുന്നുണ്ടോ എന്ന് ഉറപ്പുവരുത്തണം. കുന്നിൻ ചെരിവുകളിൽ പടുകൂറ്റൻ കെട്ടിടങ്ങൾ പടുക്കുമ്പോൾ ശാസ്ത്രീയമായി ചെയ്യാൻ കഴിയുന്നതെല്ലാം ചെയ്തിട്ടാവണം നിർമിക്കാൻ, അല്ലാതെ വികസനത്തിന് വേണ്ടി മാത്രമാവരുത്. ഇക്കാലത്ത് മനുഷ്യർ അവരുടെ കഴിവിന്റെ പരമാവധി അവരുടെ കാര്യങ്ങൾ മാത്രം നോക്കി പണത്തിനും മറ്റു വേണ്ടിയാണ് വികസന പ്രവർത്തനങ്ങൾ നടത്തുന്നത്. താൻ ചെയ്യുന്നത് തെറ്റ് എന്നറിഞ്ഞിട്ടും അതിനെ ഒഴിവാക്കാൻ ആരും ശ്രമിക്കാറില്ല. പ്രകൃതിയെ മനുഷ്യന് ശാശ്വതമായി ലഭിച്ചിട്ടില്ല. മനുഷ്യർക്ക് ജീവിക്കാൻ, അതും പ്രകൃതിക്ക് ഹാനികരമല്ലാത്ത രീതിയിൽ മാത്രമേ പ്രകൃതിയെ ഉപയോഗിക്കാൻ പാടുള്ളൂ. വികസന പ്രവർത്തനങ്ങൾ നടത്തുന്നത് പ്രശസ്തി ലക്ഷ്യമാക്കി മാത്രമാവരുത്. വികസന പ്രവർത്തനങ്ങൾ കൊണ്ട് ജനങ്ങൾക്കും പ്രകൃതിക്കും ഉപകാരവും ഉണ്ടാകണം. മനുഷ്യൻ പ്രകൃതിയെ ചൂഷണം ചെയ്യുന്നതിനെതിരെ

## ഇ-സ്ലേറ്റ് ..............................

പ്രകൃതി നൽകിയ താക്കീതാണ് കേരളത്തിൽ ഉണ്ടായ പ്രളയം. അതു പൊലെ നിരവധി സൂചനകൾ പ്രകൃതി നമ്മൾക്ക് തന്നുകഴിഞ്ഞു . പ്രകൃതിയെ അധികകാലം ഇങ്ങനെ വീർപ്പ് മുട്ടിക്കാൻ സാധിക്കില്ല. ഒരിക്കലെങ്കിലും അത് പകരംവീട്ടും. വികസനം നടത്തുമ്പോൾ പരിസ്ഥിതിയെ ബാധിക്കാത്ത വിധത്തിൽ മാത്രമേ നടത്താവൂ.

പണ്ടു കാലത്ത് കൃഷിക്കായിരുന്നു മുൻതൂക്കം. കൃഷിചെയ്യലിലൂടെയും വിളവെടുക്കലിലൂടെയും പ്രകൃതിയോടും താൻ ജിവിക്കുന്ന മണ്ണിനോടും നല്ല സ്നേഹത്തിലാണ് പണ്ടു കാലത്തുള്ളവർ ജീവിച്ചിരുന്നത് . പണ്ടു കാലത്ത് ഫാക്ടറികകൾ ഇത്രയും ഉണ്ടായിരുന്നില്ല. അതിനാൽ പുഴയും തോടും മലിനമായിരുന്നില്ല. അക്കാലത്ത് ധാരാളം പക്ഷികളും ഇന്ന് കാണാത്ത മൃഗങ്ങളും ഉണ്ടായിരുന്നു .ആ കാലത്തെ ജനങ്ങൾക്ക് മനസ്സിലെവിടെയോ പ്രകൃതിയെ സംരക്ഷിക്കണമെന്ന ഒരു ലക്ഷ്യബോധമുണ്ടായിരുന്നു. ഇന്നത്തെക്കാലത്ത് അന്യസംസ്ഥാനങ്ങളിൽ നിന്ന് വിഷം പുരണ്ട പച്ചക്കറികൾ ഇറക്കുമതി ചെയ്താണ് നമ്മൾ ഉപയോഗിക്കുന്നത്. പ്രകൃതിയെ ആർക്കും വേണ്ട. തന്റെ പിതാവ് ഒരു കർഷകനാണ് എന്ന് പറയാൻ പോലും ചിലർക്ക് മടിയാണ്. ഇക്കാലത്ത് ഓരോ ഉൽപന്നത്തിനും ഓരോ ഫാക്ടറിയാണ് . അതുമൂലം പുഴകളും അരുവികളും നശിച്ചു പോകുന്നു. ആർക്കും വേണ്ടാത്ത ഒരു ജീവച്ഛവം പോലെയാണ് പ്രകൃതിയിപ്പോൾ. ഈ മനുഷ്യർ എന്തിനു വേണ്ടിയാണ് പ്രകൃതിയെ ഇങ്ങനെ ചൂഷണം ചെയ്യുന്നത്?

............................ **മറിയം ആസില**

ഇ-സ്ലേറ്റ് ..............................

## കുഞ്ഞിക്കോഴിയുടെ കുസൃതി

ഒരിടത്ത് ഒരു അമ്മക്കോഴിയും കുഞ്ഞിക്കോഴിയും ഉണ്ടായിരുന്നു. കുഞ്ഞിക്കോഴി മഹാകുസൃതിയായിരുന്നു.

ഒരു ദിവസം കുഞ്ഞിക്കോഴി ഒരു കുളത്തിന്റെ അരികിലേക്ക് നടന്നു. അപ്പോൾ പൊന്നൻ താറാവ് മീൻ പിടിക്കുന്നതു കണ്ടു. കുഞ്ഞിക്കോഴി ഉടനെ വീട്ടിലേക്ക് ഓടി. "അമ്മേ അമ്മേ, പൊന്നൻ താറാവിനെപ്പോലെ എനിക്കും മീൻ പിടിക്കണം "

"അയ്യോ ഉണ്ണീ, നമുക്ക് അതു പോലെ വെള്ളത്തിൽ നീന്താൻ പറ്റില്ല."അമ്മ അവനെ വിലക്കി. അമ്മ പറഞ്ഞത് കുഞ്ഞിക്കോഴിക്ക് വിശ്വാസമായില്ല. അമ്മയുടെ കണ്ണുതെറ്റിച്ച് കുഞ്ഞിക്കോഴി കുളത്തിലേക്ക് ഒരു ചാട്ടം .. 'ബ്ലും' "അയ്യോ..!...രക്ഷിക്കണേ".. കുഞ്ഞിക്കോഴിയുടെ കരച്ചിൽ കേട്ട് അമ്മക്കോഴി ഓടിയെത്തി.



അപ്പോൾ കണ്ടതോ? കുഞ്ഞിക്കോഴി വെള്ളത്തിലേക്ക് താണു താണു പോകുന്നു!

പൊന്നൻ താറാവിന്റ സഹായത്തോടെ അമ്മക്കോഴി കുഞ്ഞിക്കോഴിയെ രക്ഷിച്ച് കരക്കു കയറ്റി. കുഞ്ഞിക്കോഴി സങ്കടത്തോടെ പറഞ്ഞു.. "അമ്മേ.. അമ്മ പറഞ്ഞത് ഞാൻ അനുസരിച്ചില്ല. അതു കൊണ്ടാണ് ഇങ്ങനെ ആപത്തിൽ കുടുങ്ങിയത്.. ഇനി ഞാൻ അമ്മ പറയുന്നത് നല്ലോണം അനുസരിക്കാം..!"

നല്ലമോൻ !നന്നായിവരും.. അമ്മക്കോഴി ചിറകുകൾ വിരുത്തി കുഞ്ഞിക്കോഴിയെ തഴുകി..

ഫത്തിമത്ത് ജംഷില

## അതിർത്തിയിലെ ഒരു വഴി.............



# കറുപ്പ്

വാനം നേരത്തേ തന്നെ കറുത്തിരുന്നു. വിദൂരതയുടെ കരിനിഴൽ വീഴ്ത്താൻ പോലും ചന്ദ്രൻ ഉദിച്ചില്ല. കറുപ്പിന്റെ കൂർത്തമുന കുത്തിയിറ

ങ്ങുന്ന അമാവാസി. ഏതു നേരവും മുഴങ്ങാൻ ഉറച്ചിരിക്കുന്ന സൈറണുകൾ എപ്പോഴോ പ്രകമ്പനം കൊണ്ടതിന്റെ നേർത്ത അലയൊലികൾ വെറുതെ കിടന്നതാണ്. വരാനിരിക്കുന്ന ശക്തമായ നിലയുറപ്പിക്കലിന്

എല്ലാവരും പാകപ്പെടുത്തുന്നുവെങ്കിലും മനസ്സ് ഓർമ്മകളുടെ ഓളങ്ങൾ പുണർന്ന് പാറി നടക്കുന്നു. ശരീരം മാത്രം സ്വന്തമായുള്ള ആശ്രിതന്റെ നിസ്സഹായത. എന്തുകൊണ്ടോ, മനസ്സിന്റെ കടിഞ്ഞാൺ കൈകളിൽ നിൽക്കുന്നില്ല. അത് ഒറ്റയ്ക്ക് എവിടെയൊക്കെയോ ചെന്ന് സ്വയം

കെട്ടുപിണഞ്ഞ് കുരുങ്ങി കിടക്കുന്നു. വീണ്ടും നിസ്സഹായതയിലേക്ക് കുത്തിയിറങ്ങുന്ന ഇരുമ്പിൻ ചങ്ങലകളുടെ രോദനം.

എഴുന്നേറ്റ് പുറത്തുകടക്കാൻ ശ്രമിച്ചു. തന്റെ ഉയരത്തെ വെല്ലാൻ സാധിക്കാത്ത ടെന്റ് തലയ്ക്കുമുകളിൽ അല്പം ശക്തിയോടെ തന്നെ പ്രഹരിച്ചു. തിരിച്ചുതല്ലണമെന്ന് തോന്നി. ഒരു നിമിഷം അമ്മയുടെ മുഖം മനസ്സിനെ അലട്ടി. എല്ലാ അടികളും വാങ്ങിയതിനു ശേഷവും അമ്മ ചിരിക്കുമായിരുന്നു, തലോടുമായിരുന്നു, ഇടയ്ക്ക് എപ്പോഴെങ്കിലും പൊട്ടിത്തെറിക്കുമായിരുന്നു, വെറുതെ എനിക്ക് സമാധാനം തരാൻ. ആ ഓർമ്മകൾ പെട്ടെന്ന് കണ്ണിലൂടെ ഊർന്ന് വന്നതാവാം, നാവിലെ ഉപ്പുരസം. പുറത്ത് ചെന്നു, പോകുവാനുള്ള പടച്ചട്ടകൾ കെട്ടി തയ്യാറായി, മഹാഭാരത യുദ്ധത്തിനിറങ്ങുന്ന അർജ്ജുനന്റെ ശൗര്യം. പക്ഷേ നെറ്റിത്തടത്തിൽ ഗോപിക്കുറി വരയ്ക്കാൻ ധർമ്മപത്നിയോ മാതാവോ അടുത്തില്ല. അടുത്ത് ക്യാംപ് ഫയർ, അത്യധികം തീക്ഷ്ണതയോടെ സ്ഫുരിക്കുന്നു. നേർത്ത ചൂട്, അമ്മ വയറ്റത്ത് പറ്റിപ്പിടിച്ചുറങ്ങിയ രാത്രികളുടെ ദീർഘമായ സ്മരണകൾ....

"ഹാ മേം ആതി ഹും" സിക്കന്ദർ വിളിക്കുന്നു. പോകുവാനുള്ള പടയൊരുക്കത്തിലാണവരെല്ലാം.. ഓടിയെത്തുമ്പോഴേക്കും കാഡറ്റുകളെല്ലാം 'ഫാൾ ഇൻ' ചെയ്തിരുന്നു. അതിനിടയിൽ കയറിച്ചെല്ലാൻ ശ്രമിച്ചെങ്കിലും ക്യാപ്റ്റന്റെ വിലക്ക്.

" ക്യാഡറ്റ് അശിതോഷ്, യു ആർ ലേറ്റ് ബൈ വൺ മിനിറ്റ് ഫൈവ് സെക്കന്റ്സ്. ഓൺ യുവർ ഹാൻഡ്സ്, വൺ, ടു, ത്രീ, ഫോർ........."

എത്ര സ്നേഹിതനായാലും കൃത്യനിഷ്ഠയുടെ കാര്യത്തിൽ ക്യാപ്റ്റന് വിട്ടുവീഴ്ചയില്ല. പക്ഷേ ഇന്ന് 'പുഷ്അപ് ' ൽ ഒതുക്കി.

ഇ-സ്ലേറ്റ് ..............................

സഹതാപമാവാം.. അല്ലാതെ ഒരുവനെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യം ഇല്ലല്ലോ. ലൈനിൽ കയറി നിന്നു. കർഷകനായ പട്ടാളക്കാരന്റെ ശരീര ഭാഷയോടെ വീണ്ടും, മൗനം വിഴുങ്ങി.

റിപ്പോർട്ടിങ്ങിനു ശേഷം ആയുധം സൂക്ഷിക്കുന്ന മുറിയിലെക്ക് നടന്നു. ബയണറ്റുകൾ ഭീതിയോടെ തിളങ്ങി. അത് കൈകൾക്ക് കൂടുതൽ കരുത്ത് പകർന്നതു പോലെ. വീറോടെ ഞങ്ങൾക്കു മുകളിൽ പറന്നുയർന്ന ഹെലികോപ്റ്ററുകൾ ജാഗ്രതയുടെ വിമൂകത പടർത്തി. തീർത്തും ഉദ്വേഗഭരിതമായ, ജാഗ്രതാജനകമായ സാഹചര്യത്തെ മനകരുത്ത് കൊണ്ട് പിടിച്ചു നിർത്തി.ഏതുനിമിഷവും മുഴങ്ങാൻ തയ്യാറായ സൈറൻ അതാ ഭീകരതയുടെ , രൂക്ഷതയുടെ ധ്വനി പടർത്തി.

കഴിഞ്ഞ ആഴ്ചയാണ് നാട്ടിൽ നിന്ന് തിരിച്ചെത്തിയത്. അടിയന്തിര അറിയിപ്പു കിട്ടിയിട്ടു പോയതാണ്. കാര്യമെന്താണെന്ന് അറിയില്ലായിരുന്നു. ഫോണിലൂടെ സംസാരിച്ചപ്പോൾ തന്നെ അമ്മയുടെ ശബ്ദം ഇടറിയിരുന്നു. ദീർഘമായ, കഠിനമായ എന്തോ കേൾക്കുവാൻ പോകുന്നതിന്റെ പരിഭ്രമം എന്നെ ഭ്രാന്തനാക്കിയിരുന്നു. പുരികവും കണ്ണും വല്ലാതെ മിടിച്ചിരുന്നു. വീട്ടിൽ എത്തിയ ഉടൻ സ്വീകരിച്ചത് ഹൃദയം കീറുന്ന വാർത്തയായിരുന്നു. താൻ ഒരുക്കിക്കൊടുത്ത ലോകം തനിക്കുമുന്നിൽ അടച്ചിട്ട് സ്വന്തം വഴിയേ തനിച്ച് നടന്നുപോയിരിക്കുന്നു

അവൾ. ഭക്ഷണം വാരിക്കൊടുത്ത, കൈപിടിച്ചെഴുതി കൊടുത്ത കൈകളെ അവൾ തട്ടിമാറ്റി. മൊബൈൽ ഫോൺ വാങ്ങികൊടുക്കുമ്പോൾ അമ്മ പറഞ്ഞതായിരുന്നു, ലാൻഡ് ഫോണുണ്ടല്ലോ, അതുമതിയെന്ന്. അനുസരിച്ചില്ല. തനിക്ക് ലഭിക്കാത്ത

ഇ-സ്ലേറ്റ് ..............................

സൗഭാഗ്യം സഹോദരിക്കു നൽകണമെന്ന് കരുതി.. പഠിക്കാനും മിടുക്കിയായിരുന്നു. അവൾ തേടിക്കണ്ടു പിടിച്ച പുരുഷൻ അവൾക്കൊപ്പം ദീർഘമായ രാത്രികളിൽ സൗഹൃദം കണ്ടെത്തി.. അവളുടെ വിരലുകൾ മൊബൈലിൽ ഓടി നടന്നത് അമ്മയും അറിഞ്ഞില്ല.

നിറകണ്ണുകളോടെ അമ്മ ആ ദിനപത്രം കൊണ്ടുവന്നു. കണ്ണുനീർ വീണ് നനഞ്ഞ് പതഞ്ഞ പേപ്പറിൽ, തുള്ളിയായി കണ്ണീരിന്റെ
കറ. അവ അക്ഷരങ്ങളെ മൂടിപ്പുതച്ചിരുന്നു. ഇസ്ലാമിക് സ്റ്റേറ്റിന്റെ കേരളത്തിലെ കണ്ണിയായി അവളെ വരച്ചിട്ട് ആസ്വദിക്കുന്ന മാധ്യമവൃന്ദം.. എന്തും വിളിച്ചുപറയാനുള്ള സ്വാതന്ത്ര്യം. വെറുപ്പോടെ മാത്രം നോക്കിക്കാണുന്ന വാക്ക്... പട്ടാളക്കാരന്റെ സഹോദരി തീവ്രവാദിക്കൊപ്പം ഒളിച്ചോടിപ്പോയി എന്നത് ആർക്കാണ് ദു:ഖകരം?

രാഷ്ട്രത്തിന്റെ നാലാം എസ്റ്റേറ്റായ മാധ്യമങ്ങൾക്കോ, രാഷ്ട്രീയവക്താക്കൾക്കോ, നാട്ടുകാർക്കോ....? ആഘോഷമാക്കി ചർച്ചകളിൽ കൊഴുപ്പിക്കാൻ മാത്രമുള്ള ദു:ഖം, വിഷയം. പക്ഷേ നെയ്തുകൂട്ടിയ സ്വപ്നങ്ങൾ പൊട്ടിച്ചെറിയേണ്ടി വരുമ്പോൾ നെഞ്ചുകീറും. അവളുടെ സഹോദരൻ മാത്രമല്ല ഞാൻ, ഭാരതത്തിലെ ഓരോ സ്ത്രീകളുടെയും സഹോദരനാണ്, ഭാരത മാതാവിനെ സേവിക്കുന്ന ചോരയും നീരും മാംസവും മജ്ജയുമുള്ള മകൻ കൂടിയാണ്. അമ്മയെ ഒന്നാശ്വസിപ്പിക്കാൻ പോലുമായില്ല. പശ്ചാത്താപത്തിന്റെ കരിനിഴൽ ഹൃദയത്തെ പുണർന്നു.

തിരിച്ചു ക്യാമ്പിലെത്തിയപ്പോൾ വിറങ്ങലിച്ച, സംശയസ്ഫുരിതമായ മുഖങ്ങളാണ് സ്വികരിച്ചത്. ഇന്നും അതിന്റെ

ഇ-സ്ലേറ്റ് ..............................

സഹതാപമാവാം  ക്യാപ്റ്റനും മേനജറിനുമെല്ലാം.. സൈറൻ മുഴങ്ങി, വാക്കി ടോക്കികൾ ചലിച്ചു. ദീർഘമായ കാൽവയ്പ്പുകൾ, സ്വാശ്രയത്തിന്റെ
പടലങ്ങൾ തേടി. അതിർത്തി രൂക്ഷകരം.പീരങ്കികൾ പരസ്പരം വെടിയുതിർക്കുന്നു. ഒരിക്കൽ ഒരു ശരീരമായിരുന്നത് ഒരു രാത്രി വിഭജിക്കപ്പെട്ടു. ഇന്ന് ആ ഭാഗങ്ങൾ വീണ്ടും ആ ശരീരത്തിനു വേണ്ടി കലുഷിതമാവുന്നു. രക്തരൂക്ഷിതമായ വായു, ചോരയുടെ കനത്ത മണം വമിക്കുന്നു. ഏറെ നേരം തുടരുന്ന പോര്, പരസ്പരം മൽസരിക്കുന്ന സഹോദരങ്ങൾ കറുത്ത ദേശത്തിന്റെ  അന്ധകാരം. രാത്രിയുടെ യാമങ്ങൾ മറയുന്നത് അറിയുന്നില്ല. അതിൽ ഒരു വെടിയുണ്ടയെ നെഞ്ചോട് ചേർക്കുമ്പോൾ, ഇരുളിന്റ കറുപ്പ് എനിക്കു മുന്നില്ലില്ല. വിസ്തൃതമായ ഭാവിയെക്കുറിച്ചുള്ള പരാധീനതകളില്ല, വേദനകളില്ല. ദൂരെ ഉദിച്ചുയരുന്ന സൂര്യൻ പകരുന്ന നേർത്ത ചൂട് മാത്രം, അമ്മ വയറിന്റെ വാൽസല്യത്തിന്റ  ചൂട് ;അതുമാത്രം കൈകളിൽ സ്വന്തം.കൺപോളകൾ പതുക്കെ പതുക്കെ അടയുമ്പോൾ,ത്രിവർണ്ണ പതാക പരമകോടിയിൽ പറക്കുന്നു.......

അസ്രീന

ഇ-സ്ലേറ്റ് ...............................



**വിഷയം:-പ്രകൃതിയെ  കടിഞ്ഞാണിടുമ്പോൾ**

## പ്രകൃതി-മനുഷ്യരാശിയുടെ  നിലനിൽപ്പ്

പ്രകൃതി ജീവന്റെ നിലനിൽപ്പാണ്. മനുഷ്യശരീരത്തിന്റെ നിലനിൽപ്പുതന്നെ പ്രകൃതിയെ അടിസ്ഥാനമാക്കിയാണ്. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധം, മനുഷ്യകുലത്തിന്റെ ആരംഭം മുതൽ തന്നെയുണ്ട്. കേവലം മനുഷ്യരെ മാത്രമല്ല, സർവ്വ ജീവജാലങ്ങളുടെയും സംരക്ഷണവും പരിപാലനവുമെല്ലാം പ്രകൃതിയുടെ കൈകളിലാണ് . പ്രകൃതി വിഭവങ്ങളായ പുഴയും ,മരങ്ങളും, കുന്നുകളും മനുഷ്യന്റെയും മറ്റു ജീവജാലങ്ങളുടെയും വിശപ്പും ദാഹവും മറ്റും ശമിപ്പിക്കുന്നു.

പ്രകൃതിയുടെ മടിത്തട്ടിൽ കളിച്ചുവളർന്നിരുന്ന ബാല്യകാലങ്ങൾ നമുക്കുണ്ടായിരുന്നു. പുഴയോട്കളിച്ചും, കിളികളോട് കൂട്ടുകൂടിയും , പഴങ്ങൾ പറിച്ചും നടന്നിരുന്ന കാലം. പ്രകൃതിയും മനുഷ്യരും പരസ്പരം താങ്ങും തണലുമായി ജീവിച്ചിരുന്ന കാലം. പ്രകൃതിയെ സ്വന്തം അമ്മയെപ്പോലെ കരുതിയിരുന്നവരായിരുന്നു നമ്മുടെ പൂർവികർ.

എന്നാൽ ഇന്ന്, സ്വാർത്ഥ ലാഭങ്ങൾക്കും സുഖഭോഗങ്ങൾക്കും വേണ്ടി മനുഷ്യർ പ്രകൃതിയെന്ന വരത്തെ തന്റെ സ്വാർത്ഥകരങ്ങളാൽ ചിന്നഭിന്നമാക്കുന്നു. താഴ്വരകളുടെ തണുപ്പും ജലത്തെ മണ്ണിൽ സംരക്ഷിച്ചുവയ്ക്കുന്നവയുമായ കുന്നുകളെ മനുഷ്യർ ഇടിച്ചുനിരത്തുന്നു. അവയുടെ സ്ഥാനത്ത് അംബരചുംബികളായ ഷോപ്പിംങ് കോംപ്ലക് സുകൾ സ്ഥാപിക്കുന്നു. വയലുകൾ നികത്തിയും മരങ്ങൾ വെട്ടിയും മനുഷ്യർ പ്രകൃതിക്കുമേൽ കൈകടത്തുകയാണ്. പ്രകൃതിയുടെ സൗന്ദര്യത്തെയും ഗുണങ്ങളെയും മറക്കുന്നു.പ്രാണവായു ദായകരായ മരങ്ങൾ നിറഞ്ഞ കുന്നുകൾക്കു പകരം , രോഗാണുക്കൾ പെരുകുന്ന വൃത്തിശൂന്യമായ പ്ലാസ്റ്റിക് കൂമ്പാരമാണ്. പ്രകൃതിയുടെ ജീവനാഡിയാണ് പുഴ. പുഴയുടെ തീരങ്ങളിൽ നിന്നും മണൽ വാരിയും, പുഴയിൽ അജൈവമാലിന്യങ്ങൾ തള്ളിയും മനുഷ്യർ പ്രകൃതിയെ ദ്രോഹിക്കുകയാണ്. പ്രകൃതിയുടെ കവച്ചുകടക്കാനാകാത്ത കഴിവുകളെ കൃത്രിമമായി നിർമ്മിച്ച്, ആധുനികരും വിദ്യാസമ്പന്നരെന്നും ഊറ്റം കൊള്ളുന്ന മനുഷ്യർ താൻ ചെയ്യുന്നത് പൊറുക്കാനാകാത്ത തെറ്റാണെന്ന് മനസ്സിലാക്കുന്നില്ല.

ഇത്രയും ദ്രോഹങ്ങൾ പ്രകൃതിയോട് ചെയ്തിട്ടും പരമാവധി അവയെ സ്വയം തരണം ചെയ്യു കയാണ് പ്രകൃതി . പ്രകൃതി എന്നത് അമ്മയുടെ പ്രതിരൂപമാണല്ലോ. അമ്മ തന്റെ മക്കളുടെ തെറ്റുകൾ ക്ഷമിക്കുന്നു. എന്നാൽ, ഈ തെറ്റുകളുടെ പരിധി ലംഘിക്കുകയാണെങ്കിൽ ആരും കുപിതരാകുന്നതാണ്. സർവ്വംസഹയായ പ്രകൃതിപോലും. അതിനുദാഹരണമാണ് 2018 ആഗസ്റ്റ് മാസം കേരളത്തെ ആകെപ്പാടെ വെള്ളത്തിൽ മുക്കിയ പ്രളയം . ഇതുവരെ അനുഭവിച്ചതിൽ വച്ച് കേരളം നേരിട്ട ഏറ്റവും വലിയ ദുരിതമാണിത്. കേരളത്തിലെ ഒട്ടുമിക്ക ജില്ലകളും പ്രളയത്തിൽ അകപ്പെട്ടിരുന്നു.അനിയന്ത്രിതമായ മഴയും, ഡാമുകളിലെ ജലപ്രവാഹവുമാണ് പ്രളയത്തിന്റെ കാരണമെന്ന് നാം മനസ്സിലാക്കി. മഴ അനിയന്ത്രിതമായി ലഭിക്കാനുള്ള കാരണക്കാർ നാം മനുഷ്യർ തന്നെയല്ലേ ? മനുഷ്യൻ വരുത്തിവച്ച ദുരിതമാണ് ഈ മഹാപ്രളയം. 484-ൽ കൂടുതൽ ആളുകൾ മരിക്കുകയും 31,000 കോടിയുടെ

നാഷനഷ്ടവുമാണ് പ്രളയത്തിലൂടെയുണ്ടായത്. പ്രകൃതിയുടെ വരദാനമായ മഴ പോലും മലയാളികൾക്ക് ശാപമായി മാറി. ഇതിനുത്തരവാദികൾ മനുഷ്യർ തന്നെയാണ് . 5764 ൽ പരം സ്ഥലങ്ങളിൽ ഉരുൾ പൊട്ടലുമുണ്ടായി.

മനുഷ്യരുടെ പ്രവൃത്തികൾ മൂകമായി ഏറ്റുവാങ്ങിയ പ്രകൃതി , ഒരുനാൾ അവയെ നിരോധിച്ചപ്പോൾ ഒന്നു ഉടുത്തുമാറാനുള്ള അവസരം പോലും മനുഷ്യർക്കില്ലാതായിപ്പോയി. പ്രകൃതിക്കു മുന്നിൽ എത്രയോ നിസ്സാരനാണ് മനുഷ്യർ എന്നു തെളിയിക്കുന്നതാണിത് . പുഴയുടെ ഒഴുക്ക് തടഞ്ഞപ്പോൾ അവ കരകവിഞ്ഞൊഴുകി. മനുഷ്യരുടെ ദ്രോഹങ്ങൾക്ക് പ്രകൃതി നൽകിയ മറുപടിയാണീ പ്രളയം. അത് പ്രകൃതിദുരന്തമല്ല. മറിച്ച്, മനുഷ്യർ വരുത്തി വെച്ച ദുരന്തമാണ്. പ്രകൃതിയുടെ ഇത്രയും ഭീകരമായ ഒരു രൗദ്രരൂപം കേരളീയർ ഇതുവരെ കണ്ടിട്ടുണ്ടാകില്ല. കാരണം ഇന്നത്തെ തലമുറ ചെയ്യുന്ന പ്രവൃത്തികൾക്കെതിരെയാണ് പ്രകൃതി മറുപടിപറയുന്നത്.

പ്രകൃതിക്കുമേൽ മനുഷ്യർ കടിഞ്ഞാണിടുമ്പോൾ മനുഷ്യർ മറക്കുന്നത് അവന്റെ ജീവനെ കുറിച്ചാണ്. പ്രകൃതിയാണ് ജീവനെന്നും നമ്മുടെ ജീവൻ പ്രകൃതിയെ ആശ്രയിച്ചുമാണെന്ന് കാര്യം മനുഷ്യർ മറന്നു. പ്രകൃതിയെ ഉപദ്രവിച്ച് സ്വന്തം സംസ്കാരത്തെയും പാരമ്പര്യത്തെയുമാണ് മനുഷ്യർ നശിപ്പിക്കുന്നത്. പ്രകൃതിയെ വിസ്മരിച്ചും തള്ളിക്കളഞ്ഞുമുള്ള ജീവിതം മനുഷ്യനു സാധ്യമല്ല. എല്ലാം കൃത്രിമമായി നിർമ്മിച്ചെടുക്കുന്ന മനുഷ്യർക്ക് പ്രകൃതിയെ കൃത്രിമമായി സൃഷ്ടിച്ചെടുക്കാനാകില്ല.

പ്രകൃതിയെ നശിപ്പിച്ചുകൊണ്ട് നാം , മനുഷ്യർ ഇല്ലാതാക്കുന്നത് മനുഷ്യകുലത്തെ തന്നെയാണ്. മഹാനായ ബഷീർ പറഞ്ഞതുപോലെ "ഇനി കേവലം 500 വർഷങ്ങൾക്ക് മാത്രമേ മനുഷ്യരാഷിയുടെ നിലനിൽപ്പുള്ളൂ." പ്രകൃതിയുടെ ഈ ദയനീയമായ അവസ്ഥ തുടരാൻ നാം അനുവദിക്കരുത്. പ്രകൃതിവിഭവങ്ങൾ അടുത്ത തലമുറകൾക്കു നൽകുകയെന്നത് നമ്മുടെ കർത്തവ്യമാണ്. പ്രകൃതിയെ അടുത്തതലമുറയ്ക്കു വേണ്ടി കാത്തു സൂക്ഷിക്കേണ്ടത് ഭാവിയുടെ പ്രതീക്ഷകൾ എന്നു

## ഇ-സ്ലേറ്റ് ..............................

മഹാത്മ ഗാന്ധിജി വിശേഷിപ്പിച്ച കുട്ടികളാണ്. വീണ്ടും പ്രകൃതിയുടെ മടിത്തട്ടിലേക്കു പോകേണ്ടത് അനിവാര്യമാണ് . അല്ലെങ്കിൽ ഒരു പക്ഷെ പ്രകൃതിയുടെ അടുത്ത പ്രതികരണം നമുക്ക് താങ്ങാനാവുകയില്ല. കുട്ടികളിലൂടെയായിരിക്കണം വരുംതലമുറയ്ക്ക് വേണ്ടിയുള്ള പ്രകൃതിവിഭവങ്ങളുടെ ലഭ്യത ഉറപ്പുവരുത്തേണ്ടത് . പരിസ്ഥിതി ദിനങ്ങളിൽ എന്നും അവർ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യട്ടെ, എന്നാൽ മാത്രമേ ഒരു പ്രകൃതിസൗഹൃദ സുസ്ഥിര ഭാവി നമുക്ക് സാധ്യമാകു . പ്രകൃതിയുടെ മടിത്തട്ടിലാകട്ടെ ഓരോ കുരുന്നിന്റേയും വളർച്ച .

മഹ്ജെബി . ബി



ജി എച്ച് എസ് എസ് ചെർക്കള സെൻട്രൽ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ എസ് ഐ ടി സി, മാസ്റ്റർ, മിസ്ട്രസ്സിനൊപ്പം

ഇ-സ്ലേറ്റ് ..............................

## കഥ : ഉൾതുടിപ്പ്

## തിരിച്ചറിയാതെ പോകുന്നു,

## പിതാവിന്റെ സ്നേഹക്കടൽ



എട്ടാം വയസ്സിൽ കുടുംബത്തിന്റെ ഭാരം ഏറ്റടുത്തതാണയാൾ .പല ജോലികൾ പല സ്ഥലങ്ങൾ. വിവാഹം കഴിഞ്ഞതോടെ വർഷങ്ങളോളം പ്രവാസവും. മക്കളുണ്ട്. എല്ലാവർക്കും ശരാശരി വിദ്യാഭ്യാസം. ചെറുതെങ്കിലും അയാൾ നല്ലൊരു വീടു വെച്ചു . മക്കളെയെല്ലാം വിവാഹം കഴിപ്പിച്ചു . എന്നാലും അയാൾ പ്രവാസത്തിലേക്ക് തിരികെപ്പോയി. ആരോഗ്യം കുറവായി . അയാൽ വീട്ടിൽ തനിച്ചാവുകയും ചെയ്തു . മക്കളെ അനുസരിക്കേണ്ടത് പോലെയായി താനെന്ന് അയാൾക്ക് തോന്നി തുടങ്ങി. മക്കളൊക്കെ എന്തു പങ്കുവെക്കുന്നതും ഉമ്മയോടാണ് .അധികവും അയാൾ അവർക്ക് ഒരു ശല്യമാവുക പൊലെയായി . പിതാവ് എന്നും തോൽവിയായിരുന്നു .എനിക്ക് നല്ലൊരു പിതാവാകാനും കഴിഞ്ഞില്ല. കാരണം ഞാൻ പ്രവാസത്തിലായപ്പോൾ അവർക്ക് നല്ല സ്നേഹമുണ്ടായിരുന്നു. പക്ഷെ ഭാര്യക്കും മക്കൾക്കും ഇപ്പോൾ എന്നെ വേണ്ടാ. ഫലമോ അയാൾ വാർദ്ധക്യം കാരണം മരുമക്കളിൽ നിന്നും കൂടുതൽ അകലാൻ തുടങ്ങി . സ്വന്തം ഇഷ്ടങ്ങളും ആഗ്രഹങ്ങളും സ്വപ്നങ്ങളും ഉപേക്ഷിച്ച് കുടുംബത്തിനു വേണ്ടി ജീവിച്ച ആ മനുഷ്യന് തന്നെയാരും മനസ്സിലാക്കുന്നില്ലല്ലോ എന്നതായിരുന്നു യഥാർത്ഥ പ്രശ്നം .ഇത് എന്റെ മാത്രം പ്രശ്നമല്ല. ചുറ്റും കാണാം ലക്ഷക്കണക്കിനു പേർ ഇങ്ങനെ എന്ന് അയാളുടെ മനസ്സ് മെല്ലെ പറഞ്ഞു . മാതാവിന്റെ മഹത്വത്തെ മക്കൾ വളരെ വാഴ്ത്തിപാടും .ഇതിനിടക്ക് പിതാവിനെ മറക്കും . ഉമ്മമാർ എപ്പോഴും വികാരങ്ങളോട് ചേർന്ന് നിൽക്കുന്നവരാണ് . ഉപ്പമാർ തീരുമാനങ്ങളോടാണ് ഏറ്റവും അടുത്ത് നിൽക്കുന്നത് . പലപ്പോഴും കരയുന്ന ഉമ്മമാരെ മക്കൾ കാണും .


## ഇ-സ്ലേറ്റ് ..............................

കരയുന്ന പിതാവിനെ മക്കൾ കാണില്ല. ചിലപ്പോൾ ഉമ്മമാർ കാണാം , മക്കളെ വഴക്കുപറഞ്ഞതിന് ,അടിച്ചതിന് അവരറിയാതെ സങ്കടപ്പെടുന്നത് . വിശപ്പില്ലെന്ന് പറയുന്ന ഉപ്പമാരെ മക്കൾ അറിയാറെ ഇല്ല . ഉമ്മ മക്കളോട് പറയും പത്ത് മാസം ഞാൻ നിന്നെ വയറിലിട്ട് പോറ്റിയില്ലെ . എന്നിട്ടാണോ നീ ഇങ്ങനെ . എന്നാൽ വെയിൽ കൊണ്ട് വിയർപ്പ് ഊറ്റി ജോലിചെയ്ത് പണിയെടുത്ത് ആ ഉപ്പ ഒരിക്കലും മക്കളോട് പറയില്ലല്ലൊ ഞാൻ കഷ്ടപ്പെട്ട് കാശ് ഉണ്ടാക്കിയതെന്ന് . എന്നാൽ ഞങ്ങളെ പോലുള്ള പിതാക്കൻമാരെ കടലിനെ ബക്കറ്റ കൊണ്ട് എന്ന പോലെ അളക്കുകയും ചെയ്യും .അത് ഒരിക്കലും ചെയ്യാൻ പാടില്ല. പിതാവിനെ ഭീകരനായാണ് കുട്ടിക്കാലം മുതൽ അമ്മ പരിചയപ്പെടുത്തുക. അനുസരണക്കേട് കാട്ടിയാൽ ഉപ്പായിങ്ങു വരട്ടെ... പറഞ്ഞുകോടുക്കും എന്ന ഭീഷണി കേട്ടാണ് മക്കൾ വളരുന്നത് . ജീവിതത്തിന്റ രണ്ടറ്റം കൂട്ടിമുട്ടിക്കാൻ പെടാപാടു പെടുന്ന പിതാക്കൻമാർ എന്നും നിഴലായി മാറാനാകും വിധി. രാത്രി പകലാക്കി മാറ്റിയ പണിയെടുത്ത കഥ ഒരിക്കൽ പോലും പറയാത്ത, അതറിയിക്കാത്ത ഉപ്പമാരെ ഒന്ന് സമ്മതിക്കണം. ഉമ്മയെന്ന പുഴയെ ധ്യാനിക്കുമ്പോൾ ഉപ്പയെന്ന കടലിനെ മറക്കുന്നു പലപ്പോഴും . മക്കൾ എപ്പോഴും ഉമ്മയെന്ന പുണ്യത്തോടപ്പം ചേർന്നു നിൽക്കുന്നു. ആരെയാണ് കൂടുതൽ ഇഷ്ടം എന്ന് പലരും മക്കളോട് ചോദിച്ചിട്ടുണ്ട് . എന്നാൽ അവരുടെ മറുപടി ഉമ്മയാണ് . ചിലർ രണ്ടുപേരെയും പറയും . വല്യതാവും തോറും പിതാവിന്റെ സാന്നിധ്യം മക്കളുടെ മനസ്സിൽ അമ്മയോളം വരാതാവും . ഉപ്പമാർക്ക് സ്നേഹം പ്രകടിപ്പിക്കാനറിയില്ല. പ്രകടിപ്പിക്കുന്നത് ശരിയല്ല. എന്നാൽ ഉപ്പമാരുടെ വിചാരം അതു കാരണമാവും ചില അച്ഛൻമാർ വീട്ടിൽ അന്യരായിപ്പോകുന്നത് എന്നാണ്. . മോളെ വിവാഹം കഴിച്ചയക്കുമ്പോൾ ഉപ്പമാരുടെ കണ്ണുകളിലേക്കു നോക്കണം ... കടലോളം ദു:ഖം ഒളിപ്പിച്ചുവെച്ച് അഭിമാനത്തോടെ തല ഉയർത്തി നിൽക്കുന്ന ആ കണ്ണിൽ ശരിക്കൊന്നു നോക്കിയാൽ കാണാം കണ്ണീരിന്റെ നനവ്................

ആയിഷത്ത് തബ്ഷീറ യാസ് മീൻ കെ.ബി

ജി എച്ച് എസ് എസ് ചെർക്കള സെൻടൽ

ഇ-സ്ലേറ്റ് ..............................



## <u>ഒരു പ്രളയചിന്ത</u>

നിന്റെ പ്രണയത്തെപ്പറ്റി ആലോചിച്ച് ബസ്റ്റോപ്പിൽ നിൽക്കുമ്പോഴാണ് പ്രളയവാർത്തകൾ എന്റെ കാതിൽ എത്തുന്നത് . ഉടൻ ഓർമ്മ വന്നത് ടൈറ്റാനിക്ക് ആണ് . ജീവനിലുള്ള പ്രതീക്ഷ മുങ്ങിത്താഴുമ്പോഴും ഒരിക്കലും അസ്തമിക്കാത്ത താരകമായി നില കൊണ്ട അനശ്വര പ്രണയത്തിന്റെ കഥ . അങ്ങനെയൊരു ക്ലൈമാക്സ് നമ്മുടെ ജീവിതത്തിലും സങ്കൽപ്പിച്ച് നോക്കി. പ്രളയത്തിൽ മരിക്കുന്നത് നീയോ ഞാനോ എന്ന് തീരുമാനമാകാത്തപ്പോൾ സങ്കൽപ്പം മതിയാക്കി. സ്റ്റോപ്പിലെത്തിയ ബസിലെ കണ്ടക്ടർ എന്നെ കയറാൻ അനുവദിച്ചില്ല . കൊച്ചിന്റെ നാട്ടിലൊക്കെ വെള്ളം കയറിക്കിടക്കുകയാ ... ബസ് അങ്ങോട്ടു പോവത്തില്ല .അവൻ വിളിച്ചു പറഞ്ഞു . ഓടിമറഞ്ഞ ബസിന്റെ പിറകിലെ നത്തോലി ഒരു ചെറിയ മീനല്ല എന്ന സിനിമാപ്പേര് നോക്കി ഞാൻ അമാന്തിച്ചു നിന്നു . അപ്പോഴാണ് നിന്റെ വിളി വന്നതും നാട്ടിൽ വെള്ളം കയറി വരുന്നതിനാൽ ആൾക്കാരെയൊക്കെ മാറ്റിപ്പാർപ്പിക്കുന്നുണ്ടെന്നും നീ പറഞ്ഞതും . നീ എനിക്ക് തന്നിരുന്ന കവിതകൾ സൂക്ഷിച്ചിരുന്ന പഴയ ഹാൻഡ്ബാഗ് അമ്മ എടുത്തിരിക്കുമോ എന്നാണ് ഞാനന്നേരം ഓർത്തത് . എന്നും ഉറങ്ങാൻ പോവുന്നതിന് മുമ്പ് ഞാനവ എടുത്തു നോക്കി വായിച്ച് , കണ്ണോടും ചുണ്ടോടും ചേർക്കുമായിരുന്നു . ഇന്ന് അവയ് ക്കെന്റെ ചൂടു നിശ്വാസം ഏൽക്കാനാവില്ലല്ലോ എന്ന് ഞാൻ സങ്കടപ്പെട്ടു.

# ഇരുട്ടിലെ വഴികാട്ടി....

അമ്മയെന്ന രണ്ടക്ഷരം പറഞ്ഞു കൊണ്ടിതാ
മക്കൾ വളരുന്നു,
നന്മയെന്ന പാഠം പഠിപ്പിച്ചു കൊണ്ടിതാ
അമ്മ വാത്സല്യവും.
അമ്മതൻ മടിയിൽ ഉറങ്ങിയും ,ശഠിച്ചും ,രസിച്ചും
നടന്ന നാളുകൾ കടന്നുപോകുന്നു.
അജ്ഞാനാശിനിയാം വിദ്യയെ നമിച്ചു, പഠിച്ച്
മക്കൾ തളികകളേറി മറയുന്നു!
പക്ഷേ നന്മയാം മാതൃത്വം ഒറ്റപ്പെടലിൻ-
കൂട്ടിലേകയായ് കഴിയുന്നകലെ ...
ഒടുവിൽ നാളുകൾക്കു ശേഷം മക്കൾ വന്നിതാ-
ആ അമ്മയ്ക്കരികിൽ.
എന്തിനെന്നോ! തങ്ങളുടെ
സ്വത്തവകാശത്തിനായി.
ഒടുവിൽ ആ അമ്മ തെരുവുകളിലെറിയപ്പെട്ടു...
ഇതെല്ലാം കണ്ടുനിന്ന നിശബ്ദയാം ആകാശം
പോലും ശബ്ദിച്ചോ?
നേരം വളരെയായി.. നിശയിതാ മുല്ലമൊട്ടുകൾ വാരികൊണ്ടെത്തിയിരിക്കുന്നു...
എങ്ങോട്ടെന്നറിയാതെ ആ അമ്മ അപ്പോഴും പകച്ചു നിൽക്കുന്നു
അപ്പോൾ! അകലെ ഇരുട്ടിൽ നിന്നൊരാൾ
അമ്മയ്ക്കരികിലെത്തുന്നു......
അമ്മതൻ വാത്സല്യം ഊട്ടികൊടുത്ത കരങ്ങൾ
പിടിച്ചു, എന്നിട്ട് സാന്ത്വനവാക്കുകളോതി,
കൈവിടാതെ അകലെയ്ക്ക് കൂട്ടിടുന്നയാൾ.....



മെഹ്ജബി

# കവിത



**വിഷയം: കിളിക്ക് പറയാനുണ്ടായിരുന്നത്**

## നീതി ലഭിക്കാത്ത മാലാഖ

ആകാശ നൗകയിൽ പാറി പറക്കുവാൻ
എൻ മനസ്സെന്നും തുടിച്ചിരുന്നു
ആരാരും അറിയാതെ ആരോടും
പറയാതെ എൻ ഹൃദയത്തിനുള്ളിൽ
ഒളിച്ചിരുന്നു
പൂക്കാലമെത്തുമ്പോൾ ചങ്ങാതിമാ
രൊത്ത് പൂക്കൾ പറിക്കുവാൻ
പോകുമ്പോഴും , ഉള്ളിന്റെയുള്ളിലാ
ലക്ഷ്യം എങ്ങും ആർക്കും അറിയാതെ
നിന്നിരുന്നു...
ഒരുനാളിൽ എന്റെയടുത്തവർ
എത്തി
എൻ മനസ്സിനുള്ളം തളർത്തിയവർ.
കാപാലികർ അവർ

ഇ-സ്ലേറ്റ് ...............................

അന്നാ ദിവസമിൽ എന്റെ
അഭിലാഷങ്ങൾ കവർന്നെടുത്തു...
പത്ര മാധ്യമങ്ങൾ  എനിക്കു പിന്നാലെയും
വന്നു പോയി...
കൂരിരുട്ടിൽ ഞാനുമെൻ സ്വപ്നവും
അന്നത്തെ രാവിൽ തനിച്ചിരുന്നു
പന്നിയെ പ്പോലെ മുരളിയ
അവർക്ക്  എന്നും  ലഭിച്ച  സ്വീകാര്യത...
മരണ  മാലാഖ  വന്നെൻ അടുത്ത്
ഞാൻ ചോദിച്ച  ദേവതെ എന്തെ
എനിക്ക് നീതി  ലഭിച്ചില്ല...?
മകളെ  നീയുള്ളത് ഭാരത ഭൂവിലാ
അമ്മയുടെ  മക്കളല്ല  അവർ,
ചെന്നായ  പോലെയാണ്...
നിന്റെ ജീവിതം  സ്വർഗഭൂവിൽ
നമുക്ക്  ചർച്ച ചെയ്യാം....

*മറിയം നസൈബ*

ഇ-സ്ലേറ്റ് ..............................

## പ്രളയം കൊണ്ടുപോയ കുടുംബത്തിന്റെ കഥ ...

1. അന്നൊരു സന്ധ്യ നേരം... എനിക്ക് മറക്കാൻ കഴിയാത്ത ദിവസവും ഞാൻ ഏറെ മറക്കാൻ അഗ്രഹിക്കുന്ന ദിവസവും അന്നായിരുന്നു എന്ന് വേണെങ്കിൽ പറയാം.

   എന്റെ ഈ കഥ ഞാൻ പുസ്തകത്തിൽ എഴുതിയിട്ടുണ്ട് . എന്റെ ദുഖവും സന്തോഷവും ഞാൻ പങ്ക വെക്കുന്നത് എഴുത്തിലൂടെയാണ്. ഈ കഥ നിങ്ങളോട് പറയാൻ ഞാൻ ആഗ്രഹിക്കുന്നു .....
2. വളരെ സന്തോഷം നിറഞ്ഞ ജിവിതം ആയിരുന്നു എന്റേത് . അച്ഛനും അമ്മയും ചേട്ടനും ഉള്ള ഒരു കൊച്ചു കുടുംബം ആയിരുന്നു എന്റേത് . ജൂൺ 15 എനിക്ക് മറക്കാൻ പറ്റാത്ത രാവ് ആയിരുന്നു. ഞങ്ങൾ എല്ലാവരും അന്ന് വളരെ അധികം സന്തോഷിച്ചിരുന്നു. ഞങ്ങൾ മുന്നാർ സന്ദർശിക്കൻ പോയത് അന്നായിരുന്നു. അവിടെ എത്തിയതിന് ശേഷം അവിടെ ഒരു മുറി എടുത്തു . ഞങ്ങൾ അവിടെ എത്തുമ്പോൾ രാത്രി അയിരുന്നു ... പിറ്റേന്ന് പുലർന്നപ്പോൾ ഞങ്ങൾ എല്ലാവരും കുറെ സ്ഥലമൊക്കെ കണ്ടു . അവിടെ വളരെ അധികം തണുപ്പ് ആയിരുന്നു. ശേഷം ഭക്ഷണം ഒക്കെ കഴിച്ച് ഞങ്ങൾ അവിടെ നിന്ന്

പുറപ്പെട്ടു. പിന്നീട് ട്രെയിൻ മിസ്സ് ആയത് കൊണ്ട് എറണാകുളത്ത് താമസിക്കേണ്ടി വന്നു . അവിടെ നിന്നും പെരിയാർ ഡാം ഒക്കെ സന്ദർശിച്ചാണ് വീട്ടിലേക്ക് മടങ്ങാൻ ഒരുങ്ങിയത് . മടങ്ങുന്ന നേരം വലിയ കാറ്റും മഴയും ആയിരുന്നു. ഞങ്ങൾ ആകെ പേടിച്ചിരുന്നു . ഞാൻ അച്ഛനെയും അമ്മയെയും കെട്ടിപ്പിടിച്ച് ഇരുന്നു . ജനങ്ങൾ ഒക്കെ അവരുടെ വീടുകളിലേക്ക് ഓടുകയായിരുന്നു ...

3. ഞങ്ങൾക്ക് നടക്കാൻ പോലും പറ്റുന്നില്ല. അങ്ങനെയുള്ള കാറ്റും മഴയും ആയിരുന്നു. ഞങ്ങൾ പതിയെ എല്ലാവരും ചേർത്ത് പിടിച്ച് മുന്നോട്ട് നീങ്ങി. അവിടെ ഒരു കുടിൽ ഉണ്ടായിരുന്നു. അതിൽ കയറി നിന്നു..... ആ സമയത്ത് ഞങ്ങൾക്ക് എന്ത് ചെയ്യണമെന്ന് അറിഞ്ഞിരുന്നില്ല . ഞാൻ ചേട്ടന്റെ കൈ മുറുകെ പിടിച്ച് ഇരുന്നു . ഞാൻ അവിടെ അന്ന് കണ്ടത് ഭീതിയുടെയും ഭയത്തിന്റെയും മുഖങ്ങൾ ആണ് . നദികളുടെ അരികിൽ ഒരുപാട് വീടുകൾ ഉണ്ടായിരുന്നു . അവരൊക്കെ മറ്റുള്ളവരുടെ വീട്ടിൽ അഭയം തേടിക്കൊണ്ട് ഓടുകയാണ് . വെള്ളം വളരെ ശക്തിയോടെ ഒഴുകാൻ തുടങ്ങി. അങ്ങനെ ഉരുൾ പൊട്ടൽ തുടങ്ങി. വെള്ളം കുടിലുകളെ ഒക്കെ കൊണ്ടു പോയി . വെള്ളം ഞങ്ങൾ ഉണ്ടായ കുടിലിലേക്ക് കയറി. അതിൽ എന്റെ കൈ പിടിച്ചു നിന്ന എന്റെ അച്ഛനും അമ്മയും എന്നിൽ നിന്ന് അകന്നു പോകുന്ന പോലെ തോന്നി . പിന്നീട്

ഇ-സ്ലേറ്റ് ..............................

ഞാൻ കണ്ണ് തുറക്കുമ്പോൾ എവിടെയോ ആരുടെയോ കൂടെ ഒരു വീട്ടിൽ ആയിരുന്നു . ഞാൻ എന്റെ അച്ഛനെയും അമ്മയെയും ഒരുപാട് തിരഞ്ഞു പൊട്ടിക്കരഞ്ഞു. അവിടെ ഉള്ള ഒരു മുത്തശ്ശി എന്നെ ആശ്വസിപ്പിച്ചു. പിന്നീട് ഞാൻ എന്റെ അച്ഛനെയും അമ്മയെയും കണ്ടത് മരിച്ച രൂപത്തിൽ ആയിരുന്നു . ഞാൻ തീർത്തും അനാഥനായി മാറി . അന്ന് സന്ധ്യ ആകും വരേക്കും എനിക്ക് എല്ലാം നഷ്ടപ്പെട്ടിരുന്നു . എനിക്ക് വിഷമം താങ്ങാൻ അയില്ല അന്ന് . ഇപ്പോൾ ഒരു അച്ഛനും അമ്മയും ഉള്ള വീട്ടിൽ തന്നെ ആണ് ഞാൻ താമസിക്കുന്നത് . അന്ന് ഞാൻ കരയുന്ന സമയത്ത് ഒരു അച്ഛനും അമ്മയും എന്നെ കൊണ്ടു പോയി . അവർക്ക് മക്കൾ ഇല്ലായിരുന്നു. ആരും ഇല്ലാത്ത എനിക്ക് ഒരു കുടുംബം തന്നു അവർ . ഇപ്പോൾ ഞാൻ സന്തോഷത്തിലാണ് ജീവിക്കുന്നത്. എന്നാൽ അവരുടെ ഓർമ്മകൾ എന്റെ ഉള്ളിൽ ഉണ്ടാവും.

ഇതാണ് ഞാൻ എഴുതിയ എന്റെ കഥ...................

*ആസിയമ്മത്ത് ഷാനാസ്*

## നീയും ഞാനും

നീയാകും നീലത്തടാകത്തിൽ നീരാടാൻ കൊതിച്ചിരുന്നു ഞാൻ...
നീയാകും നീലാകാശത്തിൽ മുകിലാവാൻ നിനച്ചിരുന്നു ഞാൻ...
നീ നീയും ഞാൻ ഞാനുമായിരുന്നതിനാൽ ,
വിസ്മരിച്ചു ഞാനാ കൊതിയും നിനവും...




നിൻ മനസ്സൊരു ചതുരംഗപ്പലകയും ,
ഞാനതിലൊരു കാലാൾ മാത്രവുമായിരുന്നല്ലോ...
നിൻ കിനാവൊരു പൂങ്കാവനമായപ്പോൾ,
ഞാൻ വെറുമൊരു വേലിപ്പടർപ്പും...

ചങ്കുപിളർക്കുന്ന നെടുവീർപ്പുകൾ -
ഞാനെന്നിൽ തന്നെയൊളിപ്പിച്ചിരുന്നു...
നെഞ്ചിൽ വിരിയുന്ന മോഹപുഷ്പങ്ങളെ
നിർദ്ദയം ഞാൻ തന്നെ തല്ലിക്കൊഴിച്ചു...



ഇ-സ്ലേറ്റ് ............................

# മരം ഒരു ഭാരം



അവൾ വളരുകയായിരുന്നു. വളർന്നു വളർന്ന് അവളൊരു വടവൃക്ഷമായി പടർന്നു പന്തലിച്ചു. അവൾക്കു ചുറ്റും പുൽനാമ്പുകൾ തഴച്ചു വളരുകയും അവയെ ചവിട്ടി മെതിച്ചു കൊണ്ട് കുട്ടികൾ കളിയാടുകയും ചെയ്തു. പുൽനാമ്പുകളിൽ ചിലത് വള്ളിച്ചെടികളായി പരിണമിച്ച് അവളിൽ ചുറ്റിപ്പടരുകയും അവയുടെ തലപ്പുകൾ അവൾക്കു മീതെ സർപ്പങ്ങളെപ്പോലെ ഫണമുയർത്തി നിൽക്കുകയും ചെയ്തു. കണ്ടറിഞ്ഞും കേട്ടറിഞ്ഞും വന്ന പറവ വർഗ്ഗങ്ങൾക്ക് അത്താണിയാകാൻ അവൾക്ക് സന്തോഷമേ ഉണ്ടായിരുന്നുള്ളൂ. കിന്നാരത്തുമ്പികളും പുന്നാരപ്പൂമ്പാറ്റകളും വള്ളിച്ചെടികളിൽ വിരിഞ്ഞ പൂക്കളുടെ തേൻ നുകരാനായി അവൾക്കു ചുറ്റും വട്ടമിട്ടു പറന്നു. അവളുടെ ചില്ലകളിൽ അണ്ണാറക്കണ്ണൻമാർ വാലാട്ടിക്കളിച്ചുനടന്നു.

ഊഞ്ഞാൽക്കയറും പടിയുമായി അവൻ അച്ഛന്റെ വിരലിൽ തൂങ്ങി വരുന്നതു കണ്ട് അവൾ അത്ഭുതപ്പെട്ടു. ഊഞ്ഞാലിനു താങ്ങാവാൻ മാത്രം ബലപ്പെട്ടുവോ തന്റെ ചില്ലകൾ... അവൾ അഭിമാനപുളകിതയായി. പാട്ടുപാടിയും ഒന്നേ രണ്ടേ എന്ന് എണ്ണിയും അവനും കൂട്ടുകാരും ആർത്തുല്ലസിച്ചപ്പോൾ അവൾ തരളിതയായി. കളിദിവസങ്ങൾ കുറഞ്ഞുവന്നു. അവനും കൂട്ടുകാരും വലുതായി. അവർ പഠിപ്പും ഉദ്യോഗവും നേടി. ഇപ്പോൾ വല്ലപ്പോഴും മരച്ചുവട്ടിൽ വന്ന് തൊട്ടാവാടിപ്പൂക്കളെയും കുഞ്ഞണ്ണാന്മാരെയും കണ്ട് അതിശയിക്കുന്ന ചുരുളൻമുടിപ്പെൺകുട്ടി അവന്റെ മകളാണത്രെ. പണ്ടത്തെ ഊഞ്ഞാൽ മഴയും വെയിലും കൊണ്ട് ദ്രവിച്ച് പോയില്ലായിരുന്നെങ്കിൽ അവളെ അതിലിരുത്തി

ഇ-സ്ലേറ്റ് ..............................

ആനന്ദിപ്പിക്കാമായിരുന്നു എന്ന് മരം വെറുതെ മോഹിച്ചു.

പിന്നൊരു ദിവസം അവൻ വന്നു. കൂടെ വേറൊരാളും. അവർ മരത്തിനു ചുറ്റും നടന്ന് എന്തൊക്കെയോ സംസാരിച്ചു. തനിക്ക് തറ പണിയാൻ ആയിരിക്കും അവർ ഉദ്ദേശിക്കുന്നതെന്ന് അവൾ വ്യാമോഹിച്ചു.. അയാൾക്കു പിറകെ വന്ന മകളെ കാലിൽ മുള്ളുകൊള്ളും എന്നും പറഞ്ഞ് അയാൾ പറഞ്ഞയച്ചപ്പോൾ മരത്തിന് സങ്കടം തോന്നി. എന്തിനാ പപ്പാ മരം മുറിക്കുന്നത് എന്ന് ദൂരെ നിന്ന് അവൾ വിളിച്ചു ചോദിച്ചതും ഇന്നല്ല മോളെ,നാളെ എന്ന് അയാൾ മറുപടി പറഞ്ഞതും കേട്ട് മരം ഞെട്ടിത്തരിച്ചു.

പിന്നീടെല്ലാം പെട്ടെന്നായിരുന്നു. പിറ്റേ ദിവസം രണ്ടുമൂന്നാളുകൾ വന്നു. ഒരു വലിയ വണ്ടി വന്നു. മെഷീനിന്റെ കറകറ ശബ്ദത്തിൽ അവളുടെ കരച്ചിൽ ആരും കേട്ടില്ല. . കേട്ടിട്ടും കാര്യമില്ലല്ലോ.....

**ശുഭം**

